ജലമണി പദ്ധതി

20 (*380) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജലമണി പദ്ധതി കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി എത്ര ഘട്ടം പൂർത്തിയായി ; എത്ര സ്കൂളുകളിൽ നടപ്പാക്കി ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ രണ്ട് ഘട്ടം പൂർത്തിയായി. ആദ്യഘട്ടത്തിൽ 396 സ്കൂളുകളിലും രണ്ടാം ഘട്ടത്തിൽ 498 സ്കൂളുകളിലുമായി ആകെ 894 സ്കൂളുകളിൽ പദ്ധതി നടപ്പിൽ വരുത്തി.

(സി) ഉണ്ട്. രണ്ടാം ഘട്ടത്തിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചപ്പോൾ, ജലത്തിന്റെ ഗുണനിലവാരം വളരെ മോശമായ സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ കുടിക്കുവാൻ അനുയോജ്യമായ ജലം കിട്ടുകയുള്ളൂ എന്ന് മനസ്സിലായി. പ്രവർത്തിപ്പിക്കുവാൻ വൈദ്യുതി ആവശ്യമായ പ്രസ്തുത യൂണിറ്റുകളിൽനിന്നും 40% ത്തോളം വെള്ളം പാഴാകുകയും ചെയ്യുന്നതിനാൽ ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ സ്ഥാപിക്കുവാൻ അധികൃതർ വിയോജിപ്പ് പ്രകടിപ്പിച്ചു. ചില സ്കൂളുകളിൽ ഫിൽറ്റർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ വർക്കിംഗ് ഹെഡ് ഇല്ലാത്തതിനാലും ഫിൽറ്റർ വയ്ക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly